**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5650** **13-08-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളിലെ കുടിവെള്ള വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ഊരുകളിൽ കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ഊരുകളിൽ കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. കേരള വാട്ടർ അതോറിറ്റിയുടെ ദക്ഷിണ മേഖലയിലെ തിരുവനന്തപുരം സർക്കിളിനു കീഴിൽ അരുവിക്കര ഡിവിഷനിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിതുര പഞ്ചായത്തിലും പെരിങ്ങമല പഞ്ചായത്തിലും ഉള്ള ആദിവാസി ഊരുകൾക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. 2. നെയ്യാറ്റിൻകര ഡിവിഷന് കീഴിൽ അമ്പൂരി പഞ്ചായത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കാനും, കുടിവെള്ള വിതരണം ലഭ്യമാക്കാനുമുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. 3. മധ്യ മേഖലയുടെ കീഴിൽ തൃശ്ശൂർ, അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി ഊരുകളിൽ ജലജീവൻ മിഷൻ പദ്ധതി മുഖേന കുടിവെള്ള വിതരണത്തിനായി പദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ